ആശുപത്രികളിലെ സൗഹൃദ സമിതികളുടെ രൂപീകരണം

75 [1251] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, സത്യൻ മൊകേരി:
,, പി. രാജു:
,, സി. കെ. ചന്ദ്രപ്പൻ:
,, കൃഷ്ണൻ കണിയാംപറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആശുപത്രികളിലെല്ലാം സൗഹൃദ സമിതികൾ രൂപീകരിക്കണമെന്ന നിർദ്ദേശം എത്രയിടങ്ങളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

പ്രകൃതി ചികിത്സാ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് നടപടി

76 [1253] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ചികിത്സ മെച്ചപ്പെടുത്തുന്നതിനും ഈ ചികിത്സാ രീതി വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രകൃതി ചികിത്സാ വകുപ്പ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രകൃതി ചികിത്സ മെച്ചപ്പെടുത്തുന്നതിനും ഈ ചികിത്സാരീതി വ്യാപിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് റിട്ടയേർഡ് ജസ്റ്റീസ് കെ.കെ. നരേന്ദ്രൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റി ഒരു ഇടക്കാല റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്. വിശദാംശങ്ങളിൽ അന്തിമ തീരുമാനം ആയിട്ടില്ല.

കുഷ്ഠരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് പദ്ധതി

77 [1254] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഷ്ഠരോഗം പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു കർമ്മ പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ;

(ബി) സംസ്ഥാനത്തുള്ള കുഷ്ഠരോഗികളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) കുഷ്ഠരോഗം പൂർണ്ണമായി മാറിയവരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രൂപം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1996 ജനുവരി 31-ാം തീയതിയിലെ കണക്കു പ്രകാരം 11537 പേർ.

(ഡി) ക്രമമായി ചികിത്സ സ്വീകരിക്കുന്നവരും ആശുപത്രികളിൽ അന്തേവാസികൾ അല്ലാത്ത അഗതികളുമായ കുഷ്ഠരോഗികൾക്ക് പ്രതിമാസം 100 രൂപ വീതം രണ്ടു വർഷത്തേക്ക് നൽകുന്നു. രോഗവിമുക്തരായവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ഒരാളിന് പരമാവധി 2000 രൂപ വരെയും സന്നദ്ധ സംഘടനകൾ വഴി കൂട്ടായി തൊഴിൽ ചെയ്യുന്നതിന് 20,000 രൂപ വരെയും ഗ്രാൻറ് നൽകുന്നുണ്ട്. ഇതിലേക്കായി പ്രതിവർഷം 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കുഷ്ഠരോഗാശുപത്രികളിലെ രോഗവിമുക്തരിൽ നിന്നും അർഹരായവരെ പേഷ്യൻറ് എംപ്ലോയീസ് ആയി നിയമിക്കുന്നുണ്ട്. ഇവർക്ക് ചികിൽസയിൽ കഴിയുന്ന അന്തേവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യത്തിനു പുറമേ പ്രതിമാസം 300 രൂപ വീതം ലഭിക്കുന്നതാണ്. 5 വർഷമെങ്കിലും പേഷ്യൻറ് എംപ്ലോയീസ് ആയി സേവനമനുഷ്ഠിച്ചശേഷം വിരമിക്കുന്നവർക്ക് പ്രതിമാസം 100 രൂപ പെൻഷൻ നൽകുന്നതാണ്. പേഷ്യൻറ് എംപ്ലോയി ആയി ജോലി നോക്കുന്നവരിൽ നിന്ന് അർഹത ഉള്ളവർക്ക് ഹോസ്പിറ്റൽ അറ്റൻറൻറ് ഗ്രേഡ്-2 ആയി കുഷ്ഠരോഗാശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. കേരള സർക്കാർ കുഷ്ഠരോഗ പുനരധിവാസ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിൻറെ ഭാഗമായി ഒരു റിപ്പോർട്ടു നൽകുന്നതിനായി സ്റ്റേറ്റ് ലെപ്രസി ഓഫീസർ കൺവീനർ ആയി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ അനാസ്ഥമൂലം രോഗി മരണപ്പെട്ടതു സംബന്ധിച്ച പരാതി

78 [1255] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡോക്ടർമാരുടെ അനാസ്ഥമൂലം ഏതെങ്കിലും രോഗി മരണപ്പെട്ടതു സംബന്ധിച്ച് പരാതി സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തുകയും റിപ്പോർട്ട് കിട്ടുന്നമുറയ്ക്ക് കുറ്റക്കാരായ ഡോക്ടർമാർക്കെതിരെ അനുയോജ്യമായ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly